ആനുകൂല്യങ്ങളും കിട്ടത്തക്ക വിധത്തിലുള്ള വകുപ്പുണ്ടാകണം. അതുപോലെ പെൻഷന്റെ കാര്യത്തിൽ പറയുന്നത് family pension of not less than Rs. 150 എന്നാണ്. ഏതെങ്കിലും ഒരു തുകയ്ക്ക് ഒരുറപ്പ് ഉണ്ടാകുമല്ലോ, ഇതിനെ സംബന്ധിച്ചിടത്തോളം 150-ൽ കുറയാത്ത എന്ന ഒരു ഭേദഗതിയും തൊഴിലാളി മരിക്കുകയാണെങ്കിൽ അയാളുടെ മരണാനന്തര ചെലവിനു 1000 രൂപയിൽ കുറയാത്ത ഒരു തുകയും അവരുടെ financial assistance for marriage-നു 2,500 രൂപയിൽ കുറയാത്ത ഒരു തുകയും എന്ന ഭേദഗതികളും ഈ ബില്ലിൽ കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഭേദഗതികളും ഇന്നത്തെ കാലഘട്ടത്തിൽ അംഗീകരിക്കേണ്ടതാണ്. ഫ്ളോട്ടിംഗ് വർക്കറുടെ പെൻഷന്റെ കാര്യത്തിലും മരണാനന്തര തുകയുടെ കാര്യത്തിലും ഒരു നിജസ്ഥിതി ഈ ബില്ലിൽ തന്നെയുണ്ടാക്കണം. ഇക്കാര്യങ്ങളും അംഗീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല.

(ചർച്ച തുടരും)

(9) 1996-ലെ കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (ഭേദഗതി) ബിൽ

ശ്രീ. സി കെ. ചന്ദ്രപ്പൻ: സർ, കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ഭേദഗതി ബിൽ കൊണ്ടുവരുന്നത് കാലോചിതമായ ഒരു കാര്യം കൂടി ചേർക്കണമെന്നുള്ളതുകൊണ്ടാണ്. ഈ നിയമം പാസ്സാക്കിയ കാലത്ത് 'കൃഷി' എന്നു പറഞ്ഞാൽ പാടത്തും പറമ്പിലുമുള്ള കൃഷി എന്ന ചുരുങ്ങിയ സങ്കല്പം ആയിരുന്നു. ഇപ്പോൾ കാർഷികമേഖല വികസിച്ചിട്ടുള്ള ഒരു കാലഘട്ടത്തിൽ കന്നുകാലി വളർത്തൽ ഇതിന്റെ ഭാഗമായിട്ടുണ്ട്. ആ സെക്ടറിൽ വന്നിട്ടുള്ള ഒരു വലിയ തൊഴിൽ വിഭാഗമാണ് കറവക്കാർ. കൂലി വാങ്ങിച്ച് കൃഷിക്കാരൻ വളർത്തുന്ന പശുവിനെ ഇവർ കറന്ന് കൊടുക്കുന്നു. ഇന്ന് കേരളത്തിൽ ആയിരക്കണക്കിനു തൊഴിലാളികളും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. അവരെക്കൂടി കർഷകത്തൊഴിലാളികളായി പരിഗണിച്ച് ഈ നിയമത്തിന്റെ ആനുകൂല്യം അവർക്കുകൂടി കിട്ടണമെന്ന അടിസ്ഥാനത്തിലാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നത്. ഇതും അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: ഇപ്പോൾ വീടുകളിൽ അവരവർ തന്നെയാണ് പശുവിനെ കറക്കുന്നത്. അങ്ങനെ ഒരു വിഭാഗം തൊഴിലാളികളും ഇല്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ശ്രീ. തച്ചടി പ്രഭാകരൻ പറയുന്നത് നുണയാണ്. അദ്ദേഹത്തിന്റെ വീട്ടിൽ രണ്ട് കറവക്കാർ എങ്കിലും കറക്കാൻ വരുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോൾ ധാരാളം ആൾക്കാർ ഇതൊരു ജോലിയായി സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

(ചർച്ച തുടരും)

(10) 1996-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ

(ശ്രീ. എ. യൂനസ് കുഞ്ഞ് നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

ശ്രീ. എ. യൂനസ് കുഞ്ഞ്: സർ, 1996-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. കേരള ഭൂപരിഷ്ക്കരണ ആക്ടിനെപ്പറ്റി ഞാൻ ഉദ്ദേശിക്കുന്നത് ബഹുമാനപ്പെട്ട ചന്ദ്രപ്പൻ പറഞ്ഞ കണക്കല്ല, കേരളത്തിലുള്ള മിക്കവാറും നാണ്യവിളകളെല്ലാം തോട്ടപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഈ സഭയ്ക്ക് ലെജിസ്ലേറ്റീവ് കോമ്പിറ്റൻസി ഉണ്ടോയെന്നുള്ളതാണ് പ്രശ്നം. അത് പരിഗണിക്കാതെ ബിൽ എടുക്കാമോ എന്നറിയില്ല.

മി. സ്പീക്കർ: അവതരണാനുമതി കൊടുത്ത സ്ഥിതിക്ക് ഇനി അനന്തരഘട്ടത്തിലേയ്ക്ക് പോകാം.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: അങ്ങയുടെ റൂളിംഗ് ഏതെങ്കിലും ഘട്ടത്തിൽ വേണമെന്നുള്ളതാണ്.

ശ്രീ. എ. യൂനസ് കുഞ്ഞ്: കേരളത്തിൽ കശുവണ്ടിത്തൊഴിലാളികളുടെ എണ്ണം ഒന്നരലക്ഷമാണെന്ന് പറയുന്നുണ്ട്. അവർക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ ഒരു കാലത്ത് കേരളത്തിൽനിന്നും കിട്ടിയിരുന്നു. ഇന്ന് അവർക്കാവശ്യമായ 15 ശതമാനംപോലും ഉല്പാദിപ്പിക്കുന്നില്ല. മലബാർ ഏരിയായിലുള്ള കശുവണ്ടി തോട്ടങ്ങൾപോലും വെട്ടിമാറ്റി റബ്ബർ കൃഷി ചെയ്യുകയാണ്. റബ്ബർ കൃഷിക്ക് തോട്ടപരിധിയിലുള്ള സംരക്ഷണം കിട്ടുന്നുണ്ട്. മറ്റ് യാതൊരു കൃഷിക്കും അനുയോജ്യമല്ലാത്ത ഭൂമിയിലാണ് കശുവണ്ടി കൃഷി ചെയ്യുന്നത്. കശുവണ്ടിക്ക് കേന്ദ്രഗവൺമെന്റ് കോടിക്കണക്കിന് രൂപ പ്രോൽസാഹനാർത്ഥം കൊടുക്കുന്നു. അതിന്റെ ഗുണം പറ്റുന്നതു മുഴുവനും കർണ്ണാടക, ആന്ധ്ര പ്രദേശ്, ഒറീസ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളാണ്. കശുവണ്ടിത്തൊഴിലാളികളും കൂടുതലുള്ളത് കേരളത്തിലാണ്. കേരളത്തിൽ നിന്നാണ് കശുവണ്ടി കയറ്റുമതി ചെയ്തുകൊണ്ടിരുന്നത്. കശുവണ്ടിയെന്ന് പറഞ്ഞാൽ അത് കൊല്ലമായിരുന്നു. ഇന്ന് അതിന്റെ സ്ഥിതി മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടത്തെ തൊഴിലാളികൾക്കാവശ്യമായ കശുവണ്ടി അടുത്ത കാലത്ത് വിയറ്റ്നാമിൽനിന്നാണ് കൊണ്ടുവന്നിരുന്നത്. 50,000-ത്തോളം ടൺ കശുവണ്ടി വിയറ്റ്നാമിൽ ഉല്പാദിപ്പിച്ചു. ഇപ്പോൾ അവിടെ ഫാക്ടറികൾ സ്ഥാപിച്ചു. ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കശുവണ്ടി മറ്റ് രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നു. ഇവിടെ തൊഴിലാളികൾക്ക് തൊഴിൽ ഇല്ല. ഇവിടത്തെ നാമമാത്രമായിട്ടുള്ള തോട്ടങ്ങൾ എങ്കിലും നഷ്ടപ്പെടാതിരിക്കണം. അതോടൊപ്പംതന്നെ തൊഴിലാളികൾക്ക് ഗുണകരമായി തീരുകയും വേണം. ഒന്നരലക്ഷം ടൺ കശുവണ്ടി കിട്ടിക്കൊണ്ടിരുന്ന കേരളത്തിൽ ഈ വർഷം 70,000 ടൺ പോലും കിട്ടുകയില്ല. കാരണം മാവുകൾ മുഴുവൻ മുറിച്ചു മാറ്റുകയാണ്. ഇതിനു പരിഹാരമുണ്ടാക്കാൻ ഏലം, തേയില, റബ്ബർ, കാപ്പി എന്നീ നാണ്യവിളകൾക്ക് സംരക്ഷണം കൊടുക്കുന്നതുപോലെ കർഷകർക്കും സംരക്ഷണം നൽകാൻ ഒരു ഭേദഗതി ബിൽ കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly